'ഭരണഭാഷ- മാതൃഭാഷ'

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയം ഭരണ വകുപ്പ്- ഉത്തർപ്രദേശിലെ ആഗ്രയിൽ വച്ച് നടത്തപ്പെട്ട ആൾ ഇന്ത്യ കൗൺസിൽ ഓഫ് മേയേഴ്സിന്റെ 50ാം വാർഷികത്തിൽ പങ്കെടുത്തതിന് കൊല്ലം മുനിസിപ്പൽ കോർപ്പറേഷൻ മേയർക്ക് കാര്യോത്തര യാത്രാനുമതിയും, വിമാനയാത്ര നടത്തുന്നതിനുള്ള ചെലവ് തനത് ഫണ്ടിൽ നിന്നും ചെലവഴിക്കുന്നതിനുള്ള അനുമതിയും നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയം ഭരണ (ഇ എം) വകുപ്പ്**

**സ.ഉ.(സാധാ) നം.1875/2019/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 31/08/2019

പരാമർശം:- 1 09/07/2019-ലെ കൊല്ലം മുൻസിപ്പൽ കോർപ്പറേഷൻ സെക്രട്ടറിയുടെ സി1-31395/2019 നം. കത്ത്

2 03/08/2019-ലെ കൊല്ലം മുൻസിപ്പൽ കോർപ്പറേഷൻ സെക്രട്ടറിയുടെ സി1-31395/2019 നം. കത്ത്

**ഉത്തരവ്**

ഉത്തർപ്രദേശിലെ ആഗ്രയിൽ വച്ച് 2019 ജൂലൈ 27,28 തിയതികളിൽനടത്തപ്പെടുന്ന ആൾ ഇന്ത്യ കൗൺസിൽ ഓഫ് മേയേഴ്സിന്റെ 50-ാം വാർഷികത്തിൽ പങ്കെടുക്കുന്നതിലേക്കായി കൊല്ലം മുനിസിപ്പൽ കോർപ്പറേഷൻ മേയർക്ക് യാത്രാനുമതി നൽകുന്നതിനും, വിമാനയാത്ര നടത്തുന്നതിനുള്ള ചെലവ് തനത് ഫണ്ടിൽ നിന്നും ചെലവഴിക്കുന്നതിനുള്ള മുൻകൂർ അനുമതിയും നൽകണമെന്ന് കൊല്ലം മുനിസിപ്പൽ കോർപ്പറേഷൻ സെക്രട്ടറി പരാമർശം (1) പ്രകാരം ആവശ്യപ്പെട്ടിരുന്നു.

ഉത്തർപ്രദേശിലെ ആഗ്രയിൽ വച്ച് നടത്തപ്പെട്ട ആൾ ഇന്ത്യ കൗൺസിൽ ഓഫ് മേയേഴ്സിന്റെ 50 -ാം വാർഷികത്തിൽ ജൂലൈ 27,28 തിയതികളിൽ കൊല്ലം മുനിസിപ്പൽ കോർപ്പറേഷൻ മേയർ പങ്കെടുത്തിട്ടുള്ളതായി പരാമർശം (2) പ്രകാരം അറിയിച്ചിട്ടുള്ള സാഹചര്യത്തിൽ യാത്ര ചെയ്തതിനും ഈ ആവശ്യത്തിലേക്കായി വിമാനയാത്ര നടത്തിയതിനുള്ള ചെലവ് തനത് ഫണ്ടിൽ നിന്നും ചെലവഴിക്കുന്നതിനുമുള്ള കാര്യോത്തര അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**RAJEEVE C R**

അണ്ടർ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.

സെക്രട്ടറി, മുനിസിപ്പൽ കോർപ്പറേഷൻ, കൊല്ലം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

(തദ്ദേശ സ്വയം ഭരണ വകുപ്പ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

 

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ്& ന്യൂ മീഡിയ)വകുപ്പ്.

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/ എ&ഇ), കേരള, തിരുവനന്തപുരം.

കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ